**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 437** **11-08-2021 - ൽ മറുപടിയ്ക്ക്**

**തിരിച്ചെത്തുന്ന പ്രവാസികൾക്ക് ആനുകൂല്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി,<br>ശ്രീ തോമസ് കെ തോമസ്,<br>ശ്രീ കെ ബി ഗണേഷ് കുമാർ,<br>ശ്രീ. കെ.പി.മോഹനൻ | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | ദീർഘകാലത്തെ പ്രവാസ ജീവിതം കഴിഞ്ഞ് തിരിച്ചെത്തിയ പ്രവാസികൾക്ക് ആജീവനാന്തം ചികിത്സാസഹായം നൽകുന്നതിന് നടപടി സ്വീകരിക്കുമോ; | (എ) | പ്രവാസ ജീവിതം കഴിഞ്ഞ് നാട്ടിൽ മടങ്ങിയെത്തിയ സാമ്പത്തികവും, ശാരീരികവുമായി അവശതയനുഭവിക്കുന്ന പ്രവാസി കുടുംബങ്ങളുടെ ചികിത്സാ ധനസഹായത്തിനായി സാന്ത്വന പദ്ധതി നിലവിലുണ്ട്. |
| (ബി) | തിരിച്ചെത്തിയ പ്രവാസി മലയാളികൾക്ക് നൽകുന്ന ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ; | (ബി) | തിരികെയെത്തിയ പ്രവാസികൾക്കായുള്ള നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രൻസ് (NDPREM) പദ്ധതി കൂടുതൽ വിപുലീകരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. വിവിധ പദ്ധതികൾക്കായുള്ള ബഡ്ജറ്റ് വിഹിതം 2020-21 ൽ വർദ്ധിപ്പിച്ചിട്ടുണ്ട്. നോർക്ക പ്രവാസി പുനരധിവാസ ഏകോപന സംയോജന പദ്ധതി എന്ന പുതിയ സംരംഭത്തിന് 50 കോടി രൂപ മാറ്റിവച്ചിട്ടുണ്ട്. 2021-22 വർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചതനുസരിച്ച് പ്രവാസി പെൻഷൻ വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) | പ്രവാസി മലയാളികളുടെ പ്രശ്നങ്ങൾ സമയബന്ധിതമായി പരിഹരിക്കുന്നതിന് പ്രത്യേക പദ്ധതി നടപ്പാക്കുമോ എന്ന് വ്യക്തമാക്കാമോ? | (സി) | പ്രവാസി മലയാളികൾ നേരിടുന്ന എല്ലാ പ്രശ്നങ്ങളും സമയബന്ധിതമായി പരിഹരിക്കുന്നതിന് ഫലപ്രദമായും കാര്യക്ഷമമായും കേരളീയ പ്രവാസികാര്യവകുപ്പും അതിന്റെ കീഴിലുള്ള സ്ഥാപനങ്ങളും പ്രവർത്തിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ